

# സന്നിധാനം

ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനകാലയളവിൽ അറിയാൻ


കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ദേവസ്വം വകുപ്പ്
ഇ ബുള്ളറ്റിൻ




https://sabarimalaonline.org/#/darshanAvailability

https://sabarimalaonline.org/#/login

ഈ വർഷത്തെ (2022-2023) ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനം നവംബർ 16ന് വൈകീട്ട് ആരംഭിക്കും. വൃശ്ചികപ്പിറവിയുടെ തലേന്ന് (നവംബർ 16ന്) വൈകീട്ട് 5 മണിക്ക് നട തുറക്കും. നവംബർ 17 മുതൽ ഡിസംബർ 27 വരെയാണ് മണ്ഡല ഉത്സവകാലം. മണ്ഡലപൂജ ഡിസംബർ 27ന് നടക്കും. ഡിസംബർ 27ന് രാത്രി നട അടയ്ക്കും.

മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30ന് വൈകീട്ട് നട തുറക്കും. തീർഥാടനം 2023 ജനുവരി 20വരെ നീണ്ടു നിൽക്കും. ജനുവരി 14നാണ് ചരിത്രപ്രസിദ്ധമായ മകരവിളക്ക് ദർശനം. മകരവിളക്ക് ആഘോഷങ്ങൾക്കു ശേഷം ജനുവരി 20ന് രാവിലെ തിരുനട അടയ്ക്കും.

വെർച്വൽ ക്യൂ: ശബരിമല അയ്യപ്പ ദർശനത്തിന് എത്തുന്ന അയ്യപ്പ ഭക്തർക്കായി തിരുവിതാംകൂർ ദേവസ്വംബോർഡ് ഓൺലൈൻ ബുക്കിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പഭക്തർ വെർച്വൽ ക്യൂ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്.

# ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനം

## കേരളത്തിലെ വിവിധ ജില്ലകളിലെ 12 കേന്ദ്രങ്ങളിൽ അയ്യപ്പ ഭക്തർക്കായി സ്പോട്ട് ബുക്കിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്




## സ്പോട്ട് ബുക്കിംഗ്

**തിരുവനന്തപുരം**
ശ്രീകണ്ഠേശ്വരം ശിവക്ഷേത്രം

**കൊല്ലം**
മഹാഗണപതി ക്ഷേത്രം- കൊട്ടാരക്കര

**പത്തനംതിട്ട**
നിലയ്ക്കൽ ബേസ് ക്യാമ്പ്
ധർമ്മശാസ്താ ക്ഷേത്രം, പന്തളം
പമ്പ- വലിയാനവട്ടം

**ആലപ്പുഴ**
റെയിൽവേ സ്റ്റേഷൻ, ചെങ്ങന്നൂർ

**കോട്ടയം**
എരുമേലി ക്ഷേത്രം
ഏറ്റുമാനൂർ മഹാദേവ ക്ഷേത്രം
വൈക്കം മഹാദേവ ക്ഷേത്രം

**എറണാകുളം**
പെരുമ്പാവൂർ
കീഴില്ലം

**ഇടുക്കി**
കുമളി

## വഴിപാട് നിരക്കുകൾ

| | |
|---|---|
| നെയ്യഭിഷേകം | - 1 നാളികേരം (മുദ്ര ഒന്നിന്) |
| | - 10 രൂപ |
| അഷ്ടാഭിഷേകം | - 6000/ രൂപ |
| ഗണപതി ഹോമം | - 375/ രൂപ |
| ഉഷഃപൂജ | - 1500/ രൂപ |
| ഉച്ചപ്പൂജ | - 3000/ രൂപ |
| നിത്യപൂജ | - 4000/ രൂപ |
| ഭഗവതിസേവ | - 2500/ രൂപ |
| കളഭാഭിഷേകം | - 38,400/ രൂപ |
| പടിപൂജ | - 1,37,900/ രൂപ |
| തുലാഭാരം | - 625/ രൂപ |
| പുഷ്പാഭിഷേകം | - 12,500/ രൂപ |
| അപ്പം (1 പാക്കറ്റ്) | - 45/ രൂപ |
| അരവണ (1 ടിൻ) | - 100/ രൂപ |
| വിഭൂതി പ്രസാദം | - 30/ രൂപ |
| വെള്ളനൈവേദ്യം | - 25/ രൂപ |
| ശർക്കരപായസം | - 25/ രൂപ |
| പഞ്ചാമൃതം | - 125/ രൂപ |
| അഭിഷേക നെയ്യ് (100 എം.എൽ) | - 100/ രൂപ |
| നവഗ്രഹപൂജ | - 450/ രൂപ |
| ഒറ്റഗ്രഹപൂജ | - 100/ രൂപ |
| മാല/വടി പൂജ | - 25/ രൂപ |
| നെൽപ്പറ | - 200/ രൂപ |
| മഞ്ഞൾപ്പറ | - 400/ രൂപ |
| തങ്കയങ്കി ചാർത്ത് | - 15,000/ രൂപ |
| നീരാജനം | - 125/ രൂപ |
| കെട്ടുനിറ (പമ്പ) | - 300/ രൂപ |





## ശബരിമല പൂജാസമയം

| | |
|---|---|
| രാവിലെ | |
| 3.00 മണി | ശ്രീകോവിൽ നടതുറക്കൽ, നിർമ്മാല്യം, അഭിഷേകം |
| 3.30 | ഗണപതി ഹോമം |
| 3.30 മുതൽ 11.30 വരെ | നെയ്യഭിഷേകം |
| 7.30 | ഉഷഃ പൂജ |
| 11 മുതൽ 11.30 വരെ | അഷ്ടാഭിഷേകം |
| 12.30 | ഉച്ചപ്പൂജ |
| 1.00 | തിരുനട അടയ്ക്കൽ |
| വൈകുന്നേരം | |
| 3.00 | തിരുനട തുറക്കൽ |
| 6.30 | ദീപാരാധന |
| 7 മുതൽ 9.30 വരെ | പുഷ്പാഭിഷേകം |
| 9.30 മുതൽ | അത്താഴപൂജ |
| 11.00 | ഹരിവരാസനം |
| | തിരുനട അടയ്ക്കൽ |





## ശബരിമല പ്ലാസ്റ്റിക് മുക്തം

പ്ലാസ്റ്റിക് പൂർണ്ണമായി നിരോധിച്ച തീർഥാടന കേന്ദ്രമാണ് ശബരിമല. ഭക്തർ ഇരുമുടിക്കെട്ടിൽ പ്ലാസ്റ്റിക് വസ്തുക്കൾ (കുപ്പി, കവർ തുടങ്ങിയവ) ഒഴിവാക്കണം.

## പമ്പ മലിനമാക്കരുത്

പമ്പാനദിയിൽ വസ്ത്രങ്ങളും മറ്റു വസ്തുക്കളും ഉപേക്ഷിക്കരുത്. പുണ്യനദിയായ പമ്പ മലിനമാകാതെ സൂക്ഷിക്കേണ്ടത് ഭക്തരുടെയും ഉത്തരവാദിത്വമാണ്.

## മാലിന്യങ്ങൾ വലിച്ചെറിയരുതേ..

മാലിന്യങ്ങൾ വേസ്റ്റ് ബിന്നിലല്ലാതെ മറ്റൊരിടത്തും വലിച്ചെറിയാതിരിക്കാൻ ശ്രദ്ധിക്കണം.

## വെളിസ്ഥലങ്ങളിൽ വിസർജനം പാടില്ല

ഭക്തർ വെളിസ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തരുത്. വിസർജനത്തിന് കക്കൂസുകളും മൂത്രപ്പുരകളും ഉപയോഗിക്കണം. പമ്പയും സന്നിധാനവും മല കയറുന്ന വഴിയും വൃത്തിയായി സൂക്ഷിക്കണം.

## ലഹരിമുക്ത തീർഥാടനം

തീർഥാടകർ മദ്യവും മറ്റു ലഹരി വസ്തുക്കളും ഉപയോഗിക്കരുത്. പമ്പ, സന്നിധാനം, കാനനപാത തുടങ്ങിയ സ്ഥലങ്ങളിൽ പുകവലിക്കരുത്. ആയുധങ്ങളോ പടക്കങ്ങൾ ഉൾപ്പെടെയുള്ള സ്ഫോടകവസ്തുക്കളോ കൈവശം വയ്ക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.

## തീ കൊളുത്തുമ്പോൾ ശ്രദ്ധിക്കുക

പാചകവാതകവും സ്റ്റൗവും സന്നിധാനത്തിൽ ഉപയോഗിക്കാൻ പാടില്ല. തീകൊളുത്തിയാൽ ആവശ്യം കഴിഞ്ഞയുടൻ കെടുത്തേണ്ടതാണ്.

## പൊലീസിനെ വിളിക്കാം

സുരക്ഷാപരിശോധനകൾ നടത്തുന്ന കേന്ദ്രങ്ങളിൽ ഭക്തർ സ്വയം പരിശോധനകൾക്ക് വിധേയരാവേണ്ടതാണ്. ഏതു സഹായത്തിനും പൊലീസിനെ സമീപിക്കുക. സംശയാസ്പദമായി എന്തെങ്കിലും കണ്ടാൽ പൊലീസിനെ അറിയിക്കേണ്ടതാണ്.

കൂട്ടംതെറ്റിപ്പോകുന്നവർ പൊലീസ് എയ്ഡ് പോസ്റ്റുകളുടെ സഹായം തേടണം. വൃദ്ധരുടെയും കുട്ടികളുടെയും മാളികപ്പുറങ്ങളുടെയും കഴുത്തിൽ മേൽവിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തിയ തിരിച്ചറിയൽകാർഡ് തൂക്കേണ്ടത് അത്യാവശ്യമാണ്.

## മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

ഓക്സിജൻ പാർലറുകളിലെയും മെഡിക്കൽ സെന്ററുകളിലേയും സേവനം ഭക്തർ പരമാവധി പ്രയോജനപ്പെടുത്തണം. പമ്പയിലും നിലയ്ക്കലും അടിയന്തരചികിത്സാസൗകര്യങ്ങളുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഭക്തർക്കായി ഒരുക്കിയിട്ടുണ്ട്.

# ഹെൽപ്പ് ലൈൻ

| | |
|---|---|
| എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ | 04735 202166 |
| പമ്പ | 04735 203255 |
| നിലയ്ക്കൽ | 04735 205002 |
| പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി | 0468 2322515 |
| പമ്പ പൊലീസ് സ്റ്റേഷൻ | 04735 203412 |
| നിലയ്ക്കൽ പൊലീസ് സ്റ്റേഷൻ | 04735 205207 |
| സന്നിധാനം പൊലീസ് സ്റ്റേഷൻ | 04735 202014 |
| പത്തനംതിട്ട വനിതാ പൊലീസ് സ്റ്റേഷൻ | 0468 2272100 |
| പത്തനംതിട്ട എസ് പി ഓഫീസ് | 0468 2222636 |
| എമർജൻസി മെഡിക്കൽ സെന്റർ കൺട്രോൾ റൂം | 04735 203232 |
| നിലയ്ക്കൽ സർക്കാർ ആശുപത്രി | 04735 205202 |
| പത്തനംതിട്ട ജില്ലാ ആശുപത്രി.. ശബരിമലവാർഡ് | 9188746248 |
| സന്നിധാനം സർക്കാർ ആശുപത്രി | 04735 202101 |
| സേഫ് സോൺ പദ്ധതി | 9400044991,9562318181,<br>0468 2222426 (ഓഫീസ്) |
| ഫയർഫോഴ്സ് സന്നിധാനം | 04735 202033 |
| വനംവകുപ്പ് സന്നിധാനം | 04735 202074 |







## ഭക്തർക്കുള്ള നിർദേശങ്ങൾ

ദർശനത്തിന് എത്തുന്ന അയ്യപ്പഭക്തർ ആചാരാനുഷ്ഠാനങ്ങൾ പാലിക്കുക
ഭക്തർ സാവധാനം മലകയറുക
സന്നിധാനത്തിലെത്താൻ പരമ്പരാഗതപാത മരക്കൂട്ടം, ശരംകുത്തി, നടപ്പന്തൽ ഉപയോഗിക്കുക
പതിനെട്ടാംപടിയിൽ എത്താൻ ക്യൂ പാലിക്കുക
ക്യൂ ചാടിക്കടക്കാൻ ശ്രമിക്കുകയോ ക്യൂവിൽ നിൽക്കുമ്പോൾ തിരക്കുകൂട്ടുകയോ ചെയ്യരുത്
പതിനെട്ടാംപടിയിൽ തേങ്ങ ഉടയ്ക്കുകയോ മുട്ടുകുത്തി കയറാൻ ശ്രമിക്കുകയോ അരുത്.
അയ്യപ്പന് അർപ്പിക്കുന്ന കാണിക്ക വലിച്ചെറിയാതെ വഞ്ചികളിൽ മാത്രം നിക്ഷേപിക്കുക.
മടക്കയാത്രയ്ക്കായി നടപ്പന്തൽമേൽപ്പാലം ഉപയോഗിക്കുക
വിരിവയ്ക്കാനുള്ള സ്ഥലങ്ങളായ നടപ്പന്തലും താഴത്തെ തിരുമുറ്റവും നടപ്പാതയായി ഉപയോഗിക്കാതിരിക്കുക
പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് യാത്രതിരിക്കുന്നതിനു മുമ്പ് തിരക്കിന്റെ സ്ഥിതി മനസ്സിലാക്കാൻ ശ്രമിക്കുക
സന്നിധാനത്തെ തിരുമുറ്റത്ത് വിശ്രമിക്കാതിരിക്കുക
ഡോളി സർവീസിനായി പമ്പ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ സേവനം പ്രയോജനപ്പെടുത്തുക
സേവനങ്ങൾക്ക് അധികതുക നൽകരുത്
ക്ഷേത്രപരിസരത്ത് മൊബൈൽ ഫോണുകൾ ഉപയോഗിക്കരുത്
അനധികൃത കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കരുത്
ലൈസൻസുള്ള കടകളിൽനിന്നുമാത്രം ഭക്ഷണസാധനങ്ങൾ വാങ്ങുക
അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽമാത്രം വാഹനങ്ങൾ പാർക്ക് ചെയ്യുക

ദേവസ്വം വകുപ്പ്
തിരുവിതാംകൂർ ദേവസ്വം ബോർഡ്

MISSION
GREEN SABARIMALA

# ശബരിമലയെ പ്ലാസ്റ്റിക്കിൽ നിന്ന് രക്ഷിക്കാൻ നമുക്ക് കൈ കോർക്കാം.



## പ്ലാസ്റ്റിക് വിമുക്ത ശബരിമല....

- ശബരിമല അയ്യപ്പന്റെ പൂങ്കാവനം പുണ്യമാണ്. ഇവിടേക്ക് പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുവരരുത്...
- ഇരുമുടി കെട്ടിൽ നിന്ന് പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുക...
- ആചാരാനുഷ്ഠാന പ്രകാരമുള്ള വസ്തുക്കൾ മാത്രമെ ഇരുമുടി കെട്ടിനുള്ളിൽ നിറയ്ക്കാൻ പാടുള്ളൂ....
- പ്ലാസ്റ്റിക് കുപ്പികൾക്ക് പകരം മറ്റ് സംവിധാനങ്ങൾ കുടിവെള്ളം കൊണ്ടുവരുന്നതിനായി ഉപയോഗിക്കുക....
- പ്ലാസ്റ്റിക് ക്യാരീ ബാഗുകൾക്ക് പകരം തുണി സഞ്ചികളോ പേപ്പർ ബാഗുകളോ ഉപയോഗിക്കുക....
- പുണ്യനദിയായ പമ്പാനദിയിൽ തുണികൾ, പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ വലിച്ചെറിയരുത്....
- പ്ലാസ്റ്റിക് രഹിതമാകട്ടെ ശബരിമല....